പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (ഭരണവിഭാഗം, തിരുവനന്തപുരം)

നടപടിക്രമം

(പുറപ്പെടുവിക്കുന്നത് - പി.കെ സതീശൻ)

വിഷയം- ശ്രീമതി. വീണ കെ. വി, സെക്കന്റ് ഗ്രേഡ് (ഇലക്ട്രിക്കൽ) ഓവർസിയർ-നെ 01/04/1994 മുതൽ 25/09/2013 വരെയുള്ള സെക്കന്റ് ഗ്രേഡ് (ഇലക്ട്രിക്കൽ) മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്.

സൂചന- 1. എസ്സ്.സി3-149/99 തീയതി 30/10/2015-ലെ നോട്ടീസ്.
2. ഉത്തരവ് നം.149/99 തീയതി 28/10/2013.
3. RIV (3) 5501/05/GW dated 05/09/2005
4. ഉത്തരവ് നം.EC1-52557/92 dated 28/11/2005.
5. ഉത്തരവ് നം.EC1- 14546/09 dated 17/12/2009.
6. AB-137/2012 dated 03/08/2015.

ഉത്തരവ് നമ്പർ എസ്സ്.സി 3/ 149/99 തീയതി 22/02/2016

ശ്രീമതി. വീണ കെ. വി, സെക്കന്റ് ഗ്രേഡ് (ഇലക്ട്രിക്കൽ) ഓവർസിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിക്കൽ വിംഗ് സബ്ഡിവിഷൻ, പത്തനംതിട്ട മുഖേന സൂചന 1 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ തന്റെ പേര് ഉൾപ്പെടുത്തുന്നതിലേയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. രേഖകൾ (സർവ്വീസ് ബുക്ക്) പരിശോധിച്ചതിൻപ്രകാരം സൂചന 3 പ്രകാരമുള്ള കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ അഡ്വൈസ് പ്രകാരം ശ്രീമതി വീണ കെ.വി യെ ഈ വകുപ്പിൽ സെക്കന്റ് ഗ്രേഡ് (ഇലക്ട്രിക്കൽ) ഓവർസിയറായി നിയമിക്കുകയും 15/12/2005 ഇലക്ട്രിക്കൽ വിംഗ്, മെഡിക്കൽ കോളേജ് സെക്ഷൻ, തൃശൂർ-ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ശ്രീമതി. വീണ കെ. വി 14/02/2006 മുതൽ 27/06/2007 വരെ ശൂന്യവേതനാവധിയിൽ ആയിരുന്നു. ആയതിനാൽ നിലവിലുള്ള നിയമമനുസരിച്ച് ശൂന്യവേതന അവധി കഴിഞ്ഞ് സർവ്വീസിൽ തിരികെ പ്രവേശിക്കുന്ന തീയതി മുതൽ 28/06/2007 മുതൽ പുതുതായി സർവ്വീസിൽ പ്രവേശിച്ചതായി കണക്കാക്കേണ്ടിയിരിക്കുന്നു. ടിയാന്റെ പ്രൊബേഷൻ സൂചന 5 പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതാകുന്നു.

ആയതിനാൽ സൂചന 2 പ്രകാരമുള്ള 01/04/1994 മുതൽ 25/09/2013 വരെയുള്ള സെക്കന്റ് ഗ്രേഡ് (ഇലക്ട്രിക്കൽ) ഓവർസിയർമാരുടെ താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി. വീണ കെ. വി-യെ ശ്രീ. ആന്റണി സി.ജെ യ്ക്കും (99-ാം റാങ്ക്) ബാബുകുര്യനും (100-ാം റാങ്ക്) മദ്ധ്യേ 99 (എ) റാങ്കുകാരിയായി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

പ്രസ്തുത നടപടിയിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉള്ളപക്ഷം മേലധികാരി മുഖേന ഈ നോട്ടീസിന്റെ തീയതി മുതൽ 15 ദിവസത്തിനകം (പതിനഞ്ചു ദിവസം) ഈ ആഫീസിൽ അറിയിക്കേണ്ടതാകുന്നു. എന്നു കാണിച്ചുകൊണ്ട് 30/10/2015-ൽ വെബ്സൈറ്റിൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നടപടിക്കെതിരെ ലഭിച്ച പരാതികൾ പരിശോധിച്ചതിൻപ്രകാരം ടി പരാതികളിൽ വ്യക്തമായ രേഖകളോ ഉത്തരവുകളോ ഇല്ലാത്ത സാഹചര്യത്തിൽ ശ്രീമതി. വീണ കെ. വി-യെ ശ്രീ. ആന്റണി സി.ജെ യ്ക്കും (99-ാം റാങ്ക്) ബാബുകുര്യനും (100-ാം റാങ്ക്) മദ്ധ്യേ 99 (എ) റാങ്കുകാരിയായി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഒപ്പ്/-

ചീഫ്എഞ്ചിനീയർ
(ഭരണവിഭാഗം)

പകർപ്പ്

വ്യക്തിക്ക് ✓

Copy to IT Cell, EC1

ഉത്തരവിൻ പ്രകാരം

ഭരണസഹായി